

ഇസ്രയേലിന്റെ ഡിമോണയിലെ ന്യൂക്ലിയർ പ്ലാന്റ്

# ഇറാനുമേൽ വീണ്ടും ഉപരോധം

## ആണവോർജം സ്വന്തമാക്കാൻ ആ രാഷ്ട്രത്തിനും അവകാശമില്ലേ?

കവർസ്റ്റോറി ● പി.കെ നിയാസ്

**ഐക്യരാഷ്ട്രസഭയുടെ** നാലാംവട്ട ഉപരോധത്തിലാണ് ഇറാൻ ഇസ്‌ലാമിക് റിപ്പബ്ലിക്. ആണവായുധങ്ങൾ നിർമിക്കുന്ന പ്രക്രിയയുമായി മുന്നോട്ടുപോകുന്നുവെന്ന് ആരോപിച്ച് ആ രാജ്യത്തിനെതിരെ 2006 ഡിസംബറിൽ ആരംഭിച്ച ഉപരോധങ്ങളുടെ തുടർച്ചയാണിത്. ഇറാനെതിരെ നേരിട്ടുള്ള സൈനിക നടപടി ബുദ്ധിശൂന്യമായിരിക്കുമെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ അമേരിക്ക നേതൃത്വം നൽകുന്ന സയണിസ്റ്റ് അനുകൂല ചേരിയാണ് യു.എന്നിനെ മറയാക്കി ഉപരോധ മുറകൾക്ക് തുടക്കമിട്ടത്. പുതിയ ഉപരോധം ഏറ്റവും കടുത്തതാണെന്നാണ് വിലയിരുത്തപ്പെടുന്നത്. സൈനിക-ആണവ വ്യവസായ മേഖലകളിൽ പ്രവർത്തിക്കുന്ന 14 ഇറാനിയൻ കമ്പനികളെക്കൂടി കരിമ്പട്ടികയിൽ പെടുത്താനും നിലവിലുള്ള ആയുധ വ്യാപാര വിലക്ക് വ്യാപിപ്പിക്കാനും ബാലിസ്റ്റിക് മിസൈൽ സാങ്കേതിക വിദ്യയുടെ ഇറക്കുമതി തടയാനും വ്യവസ്ഥ ചെയ്യുന്ന പ്രമേയമാണ് ജൂൺ 9-ന് യു.എൻ രക്ഷാസമിതി പാസ്സാക്കിയത്. 15 അംഗ സമിതിയിൽ പ്രമേയത്തെ എതിർക്കാനുണ്ടായിരുന്നത് തുർക്കിയും ബ്രസീലും മാത്രം. ലബനാൻ വോട്ടെടുപ്പിൽനിന്ന് വിട്ടുനിന്നു. ഇറാനുമായി നല്ല ബന്ധം പുലർത്തുന്ന റഷ്യയോ ചൈനയോ എതിർത്തിരുന്നെങ്കിൽ പ്രമേയം തള്ളപ്പെടുമായിരുന്നു. എന്നാൽ അമേരിക്ക വിരിച്ച വലയിൽ വീഴാനായിരുന്നു ഇരു രാജ്യങ്ങളുടെയും വിധി.

ഇറാനെ സാമ്പത്തികമായി തളർത്തുകയും സൈനിക ശേഷി ദുർബലപ്പെടുത്തുകയും ചെയ്യുകയാണ് 1929-ാം നമ്പർ യു.എൻ പ്രമേയത്തിന്റെ ലക്ഷ്യം. രാജ്യത്തേക്കുള്ള ചരക്കു കപ്പലുകൾ കർശനമായി പരിശോധിക്കുക, വിദേശരാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ഇറാനിയൻ ബാങ്കുകൾക്ക്

വിലക്കേർപ്പെടുത്തുക, ഇറാൻ വിപ്ലവഗാർഡുകളുടെ വിദേശ യാത്രകളും നിക്ഷേപങ്ങളും തടയുക (തെഹ്റാന്റെ ആണവ, മിസൈൽ പദ്ധതികളുടെ നിയന്ത്രണവും ഊർജ മേഖലയിൽനിന്നു ലഭിക്കുന്ന വരുമാനവും കൈയാളുന്നത് ശക്തരായ ഇസ്‌ലാമിക വിപ്ലവ ഗാർഡുകളാണെന്നാണ് അമേരിക്കയുടെ ആരോപണം) എന്നിവ ഉപരോധത്തിൽ വ്യവസ്ഥ ചെയ്യുന്നു. യു.എൻ പ്രമേയം പാസ്സായതിനു പിന്നാലെ യൂറോപ്യൻ യൂനിയനും അമേരിക്കയും പ്രത്യേകമായി വേറെയും ഉപരോധങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. 30 കമ്പനികളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ് അമേരിക്കയുടെ പ്രത്യേക ഉപരോധം.

1979-ലെ ഇസ്‌ലാമിക വിപ്ലവാനന്തരം ആരംഭിച്ചതാണ് അമേരിക്കയുടെ ഉപരോധക്കളി. ഇറാൻ ഉപരോധ നിയമവും (Iran Sanctions Act 1996) ശുദ്ധീകരിച്ച എണ്ണ ഇറാനിലേക്ക് കയറ്റുമതി ചെയ്യുന്ന കമ്പനികളെ ശിക്ഷിക്കാൻ വ്യവസ്ഥ ചെയ്യുന്ന മറ്റൊരു നിയമവും (Iran Refined Petroleum Sanctions Act 2009) പ്രസ്തുത ആക്ട് വിപുലീകരിച്ച് സമഗ്ര ഉപരോധ നിയമവും (Comprehensive Iran Sanctions, Accountability, and Divestment Act 2009) പാസാക്കി ആ രാജ്യത്തെ ശ്വാസം മുട്ടിക്കാൻ കുറെക്കാലമായി അമേരിക്ക ശ്രമിക്കുന്നു. സകല ഉപരോധങ്ങളെയും അതിജീവിച്ച് ഇക്കാലമത്രയും ഇറാൻ പിടിച്ചുനിന്നു. അതിന്റെയർഥം പ്രയാസങ്ങൾ ഉണ്ടായില്ലെന്നല്ല. അമേരിക്കൻ ഉപരോധങ്ങളുടെ ഫലമായി വ്യോമയാന മേഖലയിൽ രാജ്യത്തിന് കനത്ത നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. സ്വന്തം നിലക്ക് ഇറാനെ ശ്വാസം മുട്ടിക്കാനുള്ള ശ്രമങ്ങൾ ഫലിക്കാത്തതിനെ തുടർന്നാണ് ഐക്യരാഷ്ട്ര സഭയെ ചട്ടുകമാക്കാൻ അമേരിക്ക തുനിഞ്ഞിറങ്ങിയത്. അമേരിക്കൻ സാമ്രാജ്യത്വത്തെയും സയണിസ്റ്റ് ഭീകരതയെയും നിശിതമായി വിമർശിക്കുന്ന മഹ്മൂദ് അഹ്മദീ നിജാദ് അധികാരത്തിലെത്തിയതു മുതൽക്കാണ് ആണവായുധ നിർമാണത്തിന് ഇറാൻ കോപ്പുകൂട്ടുന്നുവെന്ന് ആരോപിച്ച് യു.എൻ രക്ഷാസമിതി പ്രമേയം പാസ്സാക്കുന്നത്. 2006 ഡിസംബർ 23-നായിരുന്നു ആദ്യ ഉപരോധ പ്രമേയം (1737-ാം നമ്പർ). പിന്നീട് മുറതെറ്റാതെ 2007 മാർച്ചിലും (1747), 2008 മാർച്ചിലും (1803) ഏറ്റവുമൊടുവിൽ 2010-ലും (1929) ആവർത്തിച്ചു. അമേരിക്കയിലെ പ്രസിഡന്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തിരക്കുകാരണമാവാം 2009-ൽ പ്രമേയ പ്രഹസനം കണ്ടില്ല.

അമേരിക്കയുടെ ഉപകരണം മാത്രമാണ് ഐക്യരാഷ്ട്രസഭയെന്ന ആരോപണം അരക്കിട്ടുറപ്പിക്കുന്നതാണ് പുതിയ പ്രമേയം. ആണവ പരിപാടി രാജ്യത്തിന്റെ ഊർജ പ്രതിസന്ധി പരിഹരിക്കാനാണെന്നും അണുബോംബ് നിർമാണം അജണ്ടയിലില്ലെന്നും ഇറാൻ പലതവണ വ്യക്തമാക്കിയതാണ്. ആണവ നിർവ്യാപന കരാറിൽ ഒപ്പുവെച്ച രാജ്യമെന്ന നിലയിൽ അണുനിലയങ്ങൾ അന്താരാഷ്ട്ര ആണവോർജ ഏജൻസിയുടെ (ഐ.എ.ഇ.എ) പരിശോധനക്കായി തെഹ്റാൻ തുറന്നുവെച്ചിട്ടുമുണ്ട്. ആണവോർജ ഏജൻസി ഉദ്യോഗസ്ഥരെ പരിശോധനക്ക് സമ്മതിക്കില്ലെന്ന നിലപാട് ഇക്കാലമത്രയും ഇറാൻ സ്വീകരിച്ചിരുന്നില്ല. ഈജിപ്തുകാരനായ മുഹമ്മദ് അൽ ബറാദഈ ആണവോർജ ഏജൻസി തലവനായിരുന്നപ്പോൾ പരിശോധകരുമായുള്ള ബന്ധം നല്ല നിലയിലായിരുന്നു. എന്നാൽ പുതിയ സാഹചര്യത്തിൽ ഇറാൻ നിലപാട് ശക്തമാക്കിയിരിക്കുകയാണ്. യു.എൻ ഉദ്യോഗസ്ഥരെ രാജ്യത്ത് പ്രവേശിപ്പിക്കില്ലെന്ന നിലപാട് ഉദാഹരണം. ജപ്പാൻ നയതന്ത്രജ്ഞൻ യൂകിയ അമാനോ ആണവോർജ ഏജൻസി തലവനായി സ്ഥാനമേറ്റതോടെ ഐ.എ.ഇ.എയുമായുള്ള തെഹ്റാന്റെ ബന്ധം ഊഷ്മളമല്ല. അമാനോ അമേരിക്കയുടെ ഏജന്റായാണ് പ്രവർത്തിക്കുന്നതെന്ന ആരോപണവുമുണ്ട്. ഇറാന്റെ പക്കലുള്ള ലഘുവായി സമ്പുഷ്ടീകരിച്ച യുറേനിയം പൂർണമായും രാജ്യത്തിന് പുറത്തേക്ക് മാറ്റി പകരം ആരോഗ്യാവശ്യങ്ങൾക്കുള്ള ഐസോടോപ്പുകൾ സ്വീകരിക്കണമെന്നായിരുന്നു ഐ.എ.ഇ.എയുടെയും അമേരിക്കയുടെയും നിലപാട്. ഇത് അംഗീകരിക്കാത്തതിനാൽ ശക്തമായ ഉപരോധത്തിന് അങ്കിൾസാം ചരടുവലി തുടങ്ങി. എന്നാൽ രക്ഷാസമിതി അംഗങ്ങളായ തുർക്കിയും ബ്രസീലും ഇക്കഴിഞ്ഞ മേയിൽ തെഹ്റാനിൽ നടത്തിയ ചർച്ചയിൽ സമ്പുഷ്ടീകരിച്ച 1.2 ടൺ യുറേനിയം തുർക്കിക്ക് കൈമാറാമെന്ന് ഇറാൻ സമ്മതിക്കുകയും ഇക്കാര്യം രേഖാമൂലം ഐ.എ.ഇ.എയെ അറിയിക്കുകയും ചെയ്തു. അമേരിക്കയും സിൽബന്തികളും ഒഴികെയുള്ള ലോക രാഷ്ട്രങ്ങൾ മാത്രമല്ല, യു.എൻ സെക്രട്ടറി ജനറൽ ബാൻ കീ മൂൺ ഉൾപ്പെടെയുള്ളവർ നിർദേശം സ്വാഗതം ചെയ്യുകയായിരുന്നു. ഇതോടെ ഉപരോധം ഒഴിവായെന്ന് കരാറിന് കാർമികത്വം വഹിച്ച തുർക്കി, ബ്രസീലിയൻ പ്രധാനമന്ത്രിമാരായ റജബ് ത്വയ്യിബ് ഉർദുഗാനും ലൂലാ ഡിസിൽവയും വ്യക്തമാക്കുകയും ചെയ്തു. എന്നാൽ ഇറാനെ ശ്വാസം മുട്ടിക്കുകയെന്ന ഒരൊറ്റ അജ

ണ്ടയുള്ള അമേരിക്ക ഇതംഗീകരിക്കാന്‍ തയാറായില്ലെന്നു മാത്രമല്ല, രക്ഷാസമിതി അംഗങ്ങളെ തങ്ങളുടെ നിലപാടുകളിലേക്ക് കൊണ്ടുവരികയും ചെയ്തു.

അടുത്ത സുഹൃത്തുക്കളും വ്യാപാര പങ്കാളികളുമായ റഷ്യയും ചൈനയും നിര്‍ണായക ഘട്ടത്തില്‍ ഇറാനെ ചതിക്കുകയായിരുന്നു. ഇറാനെതിരായ മുന്‍ പ്രമേയങ്ങളൊന്നും എതിര്‍ത്തിട്ടില്ലെങ്കിലും തുര്‍ക്കിയും ബ്രസീലുമായി തെഹ്റാന്‍ ഉണ്ടാക്കിയ ധാരണയെ ചൈന സ്വാഗതം ചെയ്യുകയും പ്രശ്നപരിഹാരത്തിന് ഇത് സഹായകമാകുമെന്ന് അഭിപ്രായപ്പെടുകയും ചെയ്തിരുന്നു. കമ്യൂണിസത്തിന്റെ കോര്‍പറേറ്റ് പതിപ്പായ ചൈന പക്ഷേ, തന്ത്രപരമായാണ് വിഷയത്തില്‍ ഇടപെട്ടത്. ഇറാനുമായി ശക്തമായ വ്യാപാര ബന്ധമുള്ള രാജ്യമാണ് ചൈന. 36.5 ബില്യന്‍ ഡോളറായിരുന്നു കഴിഞ്ഞ വര്‍ഷം ഉഭയകക്ഷി വ്യാപാരം. ചൈനയുടെ ഊര്‍ജാവശ്യങ്ങളുടെ പതിനൊന്നു ശതമാനം ഇറാനാണ് നിറവേറ്റുന്നത്. ഇറാന്റെ എണ്ണ-വാതക മേഖലയിലും റോഡ്, പാലം, ഊര്‍ജ പ്ലാന്റുകള്‍ എന്നിവയുടെ നിര്‍മാണത്തിലും നിരവധി ചൈനീസ് കമ്പനികള്‍ക്ക് മുതല്‍മുടക്കുണ്ട്. നോര്‍ത്ത് അദര്‍ബീജാന്‍ എണ്ണപ്പാടം, സൗത്ത് ബാരിയിലെ ഗ്യാസ് ഫീല്‍ഡ് എന്നിവ വികസിപ്പിക്കുന്നതിനുള്ള കരാറുകള്‍ ചൈനീസ് കമ്പനികള്‍ക്കാണ് ലഭിച്ചത്. തങ്ങളുടെ വാണിജ്യ താല്‍പര്യങ്ങള്‍ക്ക് ദോഷമുണ്ടാക്കില്ലെന്ന വ്യവസ്ഥയില്‍ പ്രമേയത്തിന് അനുകൂലമായി വോട്ട് ചെയ്യാമെന്നായിരുന്നു ബീജിംഗിന്റെ നിലപാട്. പ്രമേയത്തെ പിന്തുണക്കുന്നതിലൂടെ 'ഉത്തരവാദിത്വമുള്ള രാഷ്ട്ര'മാണെന്ന് ലോകത്തെ ബോധ്യപ്പെടുത്താന്‍ കഴിയുമെന്നും ചൈന കണക്കുകൂട്ടി. പ്രമേയം പാസ്സാക്കി മാനം കാക്കാന്‍ ഇറങ്ങിത്തിരിച്ച വാഷിംഗ്ടണിന് ഇത് സമ്മതമായിരുന്നു. രക്ഷാസമിതി പ്രമേയത്തോടെ ഇറാന്‍ ഒറ്റപ്പെടില്ലെന്നും ചര്‍ച്ചകളിലൂടെ പ്രശ്നപരിഹാരത്തിന് ഇനിയും വഴികളുണ്ടെന്നും ചൈനീസ് നേതൃത്വം പ്രസ്താവിച്ചത് ഇതോട് ചേര്‍ത്തു വായിക്കണം. തങ്ങള്‍ക്കെതിരെ വോട്ടുചെയ്ത റഷ്യയെ വിമര്‍ശിച്ച അഹ്മദീ നിജാദ് ചൈനയെ വെറുതെ വിട്ടതിനു പിന്നില്‍ ഈ രഹസ്യധാരണയാണെന്ന് സംശയിച്ചാല്‍ തെറ്റില്ല. യു.എന്‍ ഉപരോധത്തിനു പുറമെ, ഇ.യുവും അമേരിക്കയും പ്രത്യേകമായി ചുമത്തിയ ഉപരോധത്തെ റഷ്യന്‍ പ്രസിഡന്റ് ദിമിത്രി മെദ്‌വദെവും വിമര്‍ശിക്കുകയുണ്ടായി. ഇറാന്റെ പ്രഥമ അണുനിലയമായ ബുശെഹറിന്റെ നിര്‍മാണ പ്രവര്‍ത്തനങ്ങള്‍ ഉപരോധത്തെ ബാധിക്കില്ലെന്ന് റഷ്യ വ്യക്തമാക്കുന്നു. 1975-ല്‍ ജര്‍മന്‍ കമ്പനി ഏറ്റെടുത്ത നിര്‍മാണം അമേരിക്കന്‍ ഉപരോധത്തെ തുടര്‍ന്ന് നിര്‍ത്തിവെക്കുകയും അതിന്റെ പൂര്‍ത്തീകരണത്തിനായി 1998-ല്‍ റഷ്യ കരാര്‍ ഒപ്പിടുകയുമായിരുന്നു. എസ്-300 വിമാനവേധ മിസൈലുകള്‍ വില്‍ക്കില്ലെന്നാണ് മോസ്കോ പറയുന്നത്. അതേ സമയം, ഇറാനുമായുള്ള വ്യാപാര ബന്ധത്തിന് കോട്ടംതട്ടുന്ന നടപടികള്‍ റഷ്യയെ സംബന്ധിച്ചേടത്തോളം ആത്മഹത്യാപരമായിരിക്കും. ലോക പ്രകൃതിവാതക ശേഖരത്തിലെ നാല്‍പതു ശതമാനത്തിന്റെ ഉടമസ്ഥാവകാശം പേറുന്ന റഷ്യയും ഇറാനും ഖത്തറും സാമ്പത്തിക മേഖലയിലെ ബന്ധങ്ങള്‍ ശക്തമാക്കുന്ന  കരാറില്‍ ഈയിടെയാണ് ഒപ്പുവെച്ചത്. ഇറാനുമായി വ്യാപാര ബന്ധമുള്ള പല യൂറോപ്യന്‍ രാജ്യങ്ങളും ഉപരോധത്തിന് എതിരാണ്.

അണുനിലയങ്ങള്‍ നിര്‍മിച്ച് ആണവോര്‍ജം ഉല്‍പാദിപ്പിക്കുന്നതും അണുബോംബുകള്‍ നിര്‍മിക്കുന്നതും രണ്ടാണ്. സമാധാന ആവശ്യങ്ങള്‍ക്ക് ആണവോര്‍ജം ഉല്‍പാദിപ്പിക്കുന്നതില്‍നിന്ന് ഏതെങ്കിലും രാഷ്ട്രത്തെ തടയുന്ന അന്താരാഷ്ട്ര നിയമം നിലവിലില്ല. എന്നാല്‍ ന്യൂക്ലിയര്‍ പ്ലാന്റ് എന്നാല്‍ ന്യൂക്ലിയര്‍ ബോംബാണെന്ന് തെറ്റിദ്ധരിപ്പിക്കുകയാണ് അമേരിക്ക. ഇറാനെപ്പോലുള്ള രാജ്യങ്ങള്‍ക്ക് ആണവോര്‍ജം ഉല്‍പാദിപ്പിക്കാനുള്ള അവകാശം പോലുമില്ലെന്ന അമേരിക്കന്‍ നിലപാട് ഫലത്തില്‍ വികസ്വര രാജ്യങ്ങള്‍ക്കെതിരായ വെല്ലുവിളിയാണ്. ഇറാന്‍ മാത്രമല്ല, ബ്രസീലും തുര്‍ക്കിയും ഈജിപ്തും ഇന്തോനേഷ്യയും ആണവോര്‍ജ പദ്ധതിയുമായി മുന്നോട്ടുപോകാനുള്ള നീക്കത്തിലാണ്. ഊര്‍ജ പ്രതിസന്ധി മറികടക്കാന്‍ അണുനിലയം നിര്‍മിക്കാനുള്ള തീരുമാനവുമായി യു.എ.ഇയും ഏറ്റവുമൊടുവില്‍ സുഊദി അറേബ്യയും രംഗത്തുണ്ട്. ഈ രാജ്യങ്ങളൊക്കെ അണുബോംബ് ഉണ്ടാക്കാനുള്ള മുന്നൊരുക്കത്തിലാണെന്ന് അങ്കിള്‍സാം അഭിപ്രായപ്പെടാന്‍ ഇടയില്ല.

ഇറാന്‍ ആണവ ശക്തിയാകുന്നത് എന്തു വില കൊടുത്തും തടയണമെന്നത് ബില്‍ ക്ലിന്റന്റെ കാലത്തു തന്നെ അമേരിക്കന്‍ നയമാണ്. ഇറാന് ലേസര്‍ സാങ്കേതിക വിദ്യ കൈമാറുന്നതില്‍നിന്ന് പിന്തിരിയാന്‍ ക്ലിന്റന്‍ രണ്ടു തവണ അന്നത്തെ റഷ്യന്‍ പ്രസിഡന്റ് വ്‌ളാഡിമിര്‍ പുട്ടിനുമായുള്ള കൂടിക്കാഴ്ചയില്‍ ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത സാങ്കേതിക വിദ്യ ഇറാന് ലഭിക്കുന്നത് തടയാന്‍ പല ശ്രമങ്ങളും അമേരിക്ക നടത്തി. റഷ്യന്‍ അണുശക്തി മന്ത്രാലയത്തിന്റെ ഭാഗമായ സെന്റ് പീറ്റേഴ്സ്ബര്‍ഗിലെ ഡി.വി ഇഫര്‍മോവ് ഇന്‍സ്റ്റിറ്റ്യൂട്ടുമായി പോലും അമേരിക്ക ബന്ധപ്പെട്ടു. ഈ



അഹ്മദീ നിജാദ്



മുഹമ്മദ് അൽ ബാറാദഈ

ഇൻസ്റ്റിറ്റ്യൂട്ടാണ് ഇറാനുമായുള്ള ഇടപാടുകൾക്ക് മേൽനോട്ടം വഹിക്കുന്നത്. വൻ ശക്തികൾക്കും ഇസ്രയേലിനും മാത്രമേ അണുശക്തിയായി തുടരാൻ പാടുള്ളൂ എന്ന നിലപാടാണ് അമേരിക്കയുടേത്.

മിഡിലീസ്റ്റിൽ ഇസ്രയേലി മുഷ്കിനു വെല്ലുവിളിയായി ഒരു രാജ്യവും വളർന്നുകൂടാ. ബഗ്ദാദിനടുത്ത ഓസിറാക്കിലെ ആണവ ഗവേഷണ കേന്ദ്രം ഭീഷണിയാണെന്ന് പറഞ്ഞ് അമേരിക്കൻ സഹായത്തോടെ 1981-ൽ ഇസ്രയേൽ ബോംബിട്ട് തകർക്കുകയായിരുന്നു. ഇസ്രയേൽ അതിർത്തിയിൽനിന്ന് 600 മൈൽ അകലെയുള്ള ഇറാഖിന്റെ അണുനിലയം ഉടൻ പ്രവർത്തനനിരതമാകാൻ പോകുന്നുവെന്ന് പറഞ്ഞാണ് ഇസ്രയേൽ പ്രധാനമന്ത്രി മെനഹം ബെഗിൻ ബോംബിംഗിന് ഉത്തരവിട്ടത്. പതിനാറ് യു.എസ് നിർമിത യുദ്ധ വിമാനങ്ങൾ ഓപറേഷനിൽ പങ്കെടുത്തു. എന്നാൽ ബെഗിന്റെ അവകാശവാദങ്ങൾ അടിസ്ഥാനരഹിതമാണെന്ന് നിരവധി പ്രമുഖർ അന്നു തന്നെ വ്യക്തമാക്കുകയുണ്ടായി. ഇറാഖ് ഭാവിയിൽ അണുബോംബ് ഉണ്ടാക്കാനുള്ള സാധ്യത തള്ളാനാവില്ലെങ്കിലും വളരെ പെട്ടെന്ന് ഉണ്ടാകില്ലെന്നാണ് അവർ ഒന്നടങ്കം പറഞ്ഞത്.

ആണവ നിർവ്യാപന കരാറിൽ ഒപ്പിടാത്ത രാജ്യമാണ് ഇസ്രയേൽ. സയണിസ്റ്റ് രാഷ്ട്രത്തിന്റെ ഈ നിലപാടിനെതിരെ പടിഞ്ഞാറൻ രാജ്യങ്ങൾ ഒരക്ഷരം ശബ്ദിക്കുന്നില്ല. കരാറിൽ ഒപ്പുവെക്കാൻ ഈയിടെ യു.എൻ ഔദ്യോഗികമായി ആവശ്യപ്പെട്ടപ്പോൾ അതിനെ പരിഹസിച്ചു തള്ളുകയായിരുന്നു ഇസ്രയേൽ. 1967 മുതൽ ഇസ്രയേൽ അണുവായുധങ്ങൾ നിർമിച്ചു പോരുന്നുണ്ടെന്നാണ് യു.എസ് രഹസ്യാന്വേഷണ റിപ്പോർട്ടിൽ പറയുന്നത്. ഡിമോണയിലുള്ള ഇസ്രയേലിന്റെ ഏറ്റവും രഹസ്യമായ റിയ്കാടറിന്റെ ഏറ്റവും പുതിയ ചിത്രങ്ങൾ ഇന്റർനെറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. വാഷിംഗ്ടൺ ആസ്ഥാനമായുള്ള അമേരിക്കൻ ശാസ്ത്രജ്ഞന്മാരുടെ സംഘടനയുടെ (Federation of American Scientists) കണക്കനുസരിച്ച് ഇസ്രയേലിന്റെ പക്കൽ ഇരുനൂറിനടുത്ത് അണുവായുധങ്ങളുണ്ട്. ഇത് പഴയ കണക്കാണ്. ഡിമോണ റിയാക്ടറിൽ ഉൽപാദിപ്പിക്കാനാവുന്ന പ്ലൂട്ടോണിയത്തിന്റെ കണക്ക് 2000 ജൂലൈയിൽ സ്പെയ്സ് ഇമേജിംഗ് കോർപറേഷന്റെ ഇകോനോസ് സാറ്റലൈറ്റ് സംവിധാനത്തിലൂടെ എടുത്ത ചിത്രങ്ങൾ വിശദീകരിക്കുന്നു. ഇവ വിലയിരുത്തിയ ശേഷമാണ് ഇസ്രയേലിന്റെ അണുവായുധ ശേഷിയുടെ ഏകദേശ രൂപം വെളിപ്പെട്ടത്. മൂന്ന് പ്രധാന അണുവായുധ സ്റ്റേഷനുകളാണ് ഇസ്രയേൽ സംവിധാനിച്ചിരിക്കുന്നത്. എഫ്-40, എഫ്-16 ബോംബർ വിമാനങ്ങൾക്ക് ആവശ്യമായ സഹായം നൽകാനുള്ളതാണ് ആദ്യത്തേത്. കൂടുതൽ അത്യാധുനികമായ ജെറിക്കോ -2 പോലുള്ള അണുവായുധങ്ങൾ വഹിക്കാൻ ശേഷിയുള്ള മിസൈലുകൾക്കായി സംവിധാനിച്ചതാണ് കഫർ സെക്കരിയ താവളം. അമ്പതോളം സുരക്ഷിതമായ ഭൂഗർഭ അറകളും ഓരോന്നിന്റെയും അകത്ത് മിസൈലുകളും സൂക്ഷിച്ചിട്ടുണ്ട്. ഇന്റർനാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്ട്രാറ്റജിക് സ്റ്റഡീസിന്റെ കണക്കനുസരിച്ച് മിസൈലുകളുടെ എണ്ണം നൂറോളം വരും. മൂന്നാമത്തെ താവളത്തിൽ പല

തരത്തിലുള്ള അണുവായുധങ്ങളാണ് സൂക്ഷിച്ചിരിക്കുന്നത്. മിഡിലീസ്റ്റിലെ ഏറ്റവും വലിയ ജൈവായുധ ഉൽപാദന ശാലയാണ് നെസ് സിയോണയിൽ പ്രവർത്തിക്കുന്നതെന്ന് ലണ്ടനിലെ *ദി ടൈംസ്* ദിനപത്രം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

അണുബോംബുകൾക്കു മേൽ അടയിരിക്കുന്ന ഭീകരനെ സൗകര്യപൂർവം മറന്നുകൊണ്ടാണ് ചിലർ ലോകസമാധാനവും ഇറാൻ ഭീഷണിയുമൊക്കെ ഉദ്ഘോഷിക്കുന്നത്. അമേരിക്കയുടെ ഇറാൻ നയത്തോട് അനുകൂല സമീപനമാണ് ഇന്ത്യ സ്വീകരിച്ചു പോന്നത്. വാതക പൈപ്പ്ലൈൻ പദ്ധതിയിൽനിന്ന് പിന്മാറിയതും നാലു വർഷത്തിനിടെ മൂന്നു തവണ അന്താരാഷ്ട്ര ആണവോർജ സമിതിയിൽ (ഐ.എ.ഇ.എ) ഇറാനെതിരെ വോട്ട് ചെയ്തതും തെഹ്റാന്റെ സൈനിക വിവരങ്ങൾ ഒപ്പിയെടുക്കുന്നതിന് ഇസ്രയേൽ നിർമിച്ച ചാര ഉപഗ്രഹമായ ടെക്സ്റ്റർ വിക്ഷേപിച്ചുമൊക്കെ മേഖലയിലെ സുഹൃത്തിനെ അകറ്റാനാണ് ഇന്ത്യ ശ്രമിച്ചത്. മറുഭാഗത്ത്, ഫലസ്തീനികൾക്ക് ജീവിക്കാനുള്ള അവകാശം നിഷേധിക്കുന്ന ഇസ്രയേലുമായി സൈനിക ബന്ധം ശക്തിപ്പെടുത്തുന്നു. ഗസ്സയിലേക്ക് ദുരിതാശ്വാസവുമായി എത്തിയ കപ്പൽ ആക്രമിച്ച സംഭവത്തിൽ പ്രതിഷേധം പ്രകടിപ്പിച്ചപ്പോൾ തന്നെ ഇസ്രയേലിനെ പേരെടുത്ത് അപലപിക്കാതിരിക്കാൻ മൻമോഹൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി.

അതിശക്തമായ ഉപരോധത്തിൽ വീർപ്പുമുട്ടുന്നതോടെ ഇറാൻ ഭരണകൂടത്തിനെതിരെ ജനരോഷം ഉയരുമെന്ന് അമേരിക്ക കണക്കുകൂട്ടുന്നു. യു.എന്നിലെ അമേരിക്കൻ അംബാസഡർ സൂസൻ റൈസ് നാഷനൽ പബ്ലിക് റേഡിയോ(എൻ.പി.ആർ)യുമായുള്ള അഭിമുഖത്തിൽ ഇക്കാര്യം തുറന്നുപറഞ്ഞിട്ടുണ്ട്. ഒരു വർഷം മുമ്പ് പ്രസിഡന്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുണ്ടായ പ്രതിപക്ഷ പ്രക്ഷോഭം ആളിക്കത്തിക്കാനുള്ള പാശ്ചാത്യ നീക്കം പരാജയപ്പെടുകയായിരുന്നു. പുതിയ ഉപരോധം ഗൗരവസ്വഭാവത്തിലുള്ളതാണെന്ന് ഇറാൻ ഗവൺമെന്റ് തിരിച്ചറിഞ്ഞിട്ടുണ്ട്. യു.എൻ ഉപരോധം നടപ്പിലാക്കാൻ അറബ് രാജ്യങ്ങൾ ഉൾപ്പെടെയുള്ളവ തയാറായിരിക്കുകയാണ്. ഇറാൻ വിപ്ലവ ഗാർഡുകളുമായി വ്യാപാര ബന്ധമുള്ള നാൽപതോളം കമ്പനികൾ യു.എ.ഇ അടച്ചുപൂട്ടിയതായി *ഗൾഫ് ന്യൂസ്* റിപ്പോർട്ട് ചെയ്യുകയുണ്ടായി. അതിനാൽ ഉപരോധത്തിന്റെ കാഠിന്യം കുറക്കാൻ തെഹ്റാൻ നയതന്ത്രനീക്കം ആരംഭിച്ചതായാണ് വാർത്ത. ■